**Website: [www.keralapsc.gov.in](http://www.keralapsc.gov.in)**

**E-Mail: [doknr.psc@kerala.gov.in](mailto:doknr.psc@kerala.gov.in)**
**Telephone: 0497-2700482**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കണ്ണൂർ**

നമ്പർ:C II (4)2047/2009

കണ്ണൂർ,
**13.01.2026**

**ദർഘാസ് പരസ്യം**

**വിഷയം :- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, കണ്ണൂർ – ഓഫീസിൽ ഉപയോഗിക്കുന്ന ജനറേറ്ററിന് AMC ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നത് – സംബന്ധിച്ച്.**

********

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കണ്ണൂർ ജില്ലാ ഓഫീസിൽ ഉപയോഗിക്കുന്ന ഡീസൽ ജനറേറ്ററിന് വാർഷിക പരിപാലന കരാർ (Annual Maintenance Contract-AMC) ഏറ്റെടുക്കാൻ താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വെച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. എന്തെല്ലാം പ്രവർത്തികളാണ് ഉൾപ്പെടുന്നതെന്ന് ക്വട്ടേഷനിൽ വിശദമായി രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ **17.01.2026** ന് വൈകുന്നേരം 03.30 മണിക്ക് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ തുക(GST തുകയോടു കൂടി) വ്യക്തമായി രേഖപ്പെടുത്തേണ്ടതും കവറിന്റെ പുറത്ത് **“ ജനറേറ്ററിന്റെ വാർഷിക പരിപാലന കരാറിനുള്ള ക്വട്ടേഷൻ '** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പറഞ്ഞ സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്. **17.01.2026** ന് വൈകുന്നേരം 4.00 ന് ക്വട്ടേഷൻ കവറുകൾ തുറക്കുന്നതാണ്. ജനറേറ്റർ പരിശോധിക്കണമെന്നുള്ളവർക്ക് ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയ്ക്ക് മുൻപുള്ള ദിവസങ്ങളിൽ ഓഫീസ് സമയത്ത് രാവിലെ 10.30മുതൽ 5.00 മണി വരെയുള്ള സമയത്തിനിടയിൽ ജില്ലാ ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

സ്വീകരിക്കുന്ന ക്വട്ടേഷൻ തുകയുടെ ആദ്യ ഗഡു ആറാമത്തെ മാസവും രണ്ടാമത്തെ ഗഡു പന്ത്രണ്ടാമത്തെ മാസവും നൽകുന്നതാണ്. ജനറേറ്ററിന്റെ പരിപാലനത്തിന് ആവശ്യമായി വരുന്ന സ്പെയർ പാർട്ട്സുകൾക്ക് തേയ്മാനം സംഭവിക്കുന്ന മുറക്ക് ആയത് മാറ്റി സ്ഥാപിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ , കണ്ണൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമാണ്. ജനറേറ്ററിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| SI NO | Manufacturer & Date | Model |
|---|---|---|
| 1 | ESCORTS LIMITED, 04/2014 | ENGINE MODEL-G 25, BHP/KW-33 ENGINE RPM-1500 |

(ഒപ്പ്)

ഷാജി കച്ചുമ്പ്രോൻ
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കണ്ണൂർ.

നോട്ടീസ് ബോർഡ്.